**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 593** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിസെപ് - മാറ്റങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ലിന്റോ ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. ലിന്റോ ജോസഫ് (മുഖ്യമന്ത്രി)

**(എ)** നിലവിലുള്ള മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാണ് പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം വി. ഐ.എ.എസ് ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14.08.2025 തീയതിയിലെ സ.ഉ. (പി) നം.102/2025/ധന പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മെഡിസെപ് രണ്ടാം ഘട്ടത്തിൽ HBP (ഹെൽത്ത് ബെനെഫിറ്റ് പാക്കേജ്) 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100-ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാനചികിത്സ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള 3 ചികിത്സകൾ കൂടാതെ 10 ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും, ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്ന മുട്ട് മാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ പ്രൈവറ്റ് ആശുപത്രികളിലും ലഭ്യമാകുന്നതാണ്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ്പ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം ഉണ്ട്. കരാറിൽ നിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയാറാക്കേണ്ടതാണ്. കൂടാതെ, അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രിയിൽ നിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതാണ്. രണ്ടാം ഘട്ടം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൊണ്ട് 20.1.2026 തീയതിയിലെ സ ഉ (പി) നം. 5/2026/ധന 21.01.2026 തീയതിയിലെ സ ഉ (പി) നം. 7/2026/ ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** പുതിയ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മെഡിസെപ് പദ്ധതിയുടെ രണ്ടാം ഘട്ടം 01.02.2026 മുതൽ ആരംഭിക്കുവാൻ 20.01.2026 തീയതിയിലെ സ ഉ (പി) നം 5/2026/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**